മണ്ഡലകാലത്തിന് ഒരുക്കം പൂർത്തിയായി; സുരക്ഷ ഉറപ്പാക്കും: മന്ത്രി ചെന്നിത്തല

തൃശൂർ: ശബരിമല മണ്ഡലകാല തീർഥാടനത്തിന്റെ സുഗമമായ നടത്തിപ്പിനു മുന്നോടിയായി എല്ലാ ഒരുക്കവും പൂർത്തിയായതായി മന്ത്രി രമേശ് ചെന്നിത്തല. പൊലിസിന്റെ സുരക്ഷാക്രമീകരണങ്ങളെല്ലാം സജ്ജമായിട്ടുണ്ട്. നിലയ്ക്കലിൽ ഡിജിപിയുടെയും ഉന്നത പൊലിസ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ പ്രത്യേക യോഗംചേർന്ന് സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി.

മറ്റു സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ലക്ഷക്കണക്കിനു തീർഥാടകർ എത്തുന്നതിനാൽ അവരുടെ സുരക്ഷ ഉറപ്പാക്കാനുള്ള വിപുലമായ ക്രമീകരണങ്ങളാണു ഒരുക്കിയിട്ടുള്ളത്. എഡിജിപി വിജയനെ മണ്ഡലകാല സുരക്ഷയുടെ നോഡൽ ഓഫിസറായി നിയോഗിച്ചിട്ടുണ്ട്. ഡ്യൂട്ടിക്കെത്തുന്ന പൊലിസ് ഉദ്യോഗസ്ഥർക്കുള്ള ബാരക്കുകളുടെ നിർമാണം പൂർത്തിയാക്കിയതായും അവരുടെ ഭക്ഷണമെസ് അലവൻസുകൾ വർധിപ്പിച്ചതായും മന്ത്രി വ്യക്തമാക്കി.

കഴിഞ്ഞ അഞ്ചു മാസത്തിലേറെയായി കേരള പൊലിസ് മികച്ച നിലയിലാണു പ്രവർത്തിക്കുന്നത്. ഓപ്പറേഷൻ തൂഫാൻ ഉൾപ്പെടെയുള്ള പദ്ധതികൾ വിജയകരമായി നടപ്പാക്കിവരികയാണ്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവ പൊതുവായ വീഴ്ചയായി കാണാനാകില്ല. എറണാകുളത്ത് എസ്ഐക്കെതിരേ പരാതി ഉയർന്നപ്പോൾ ഡിജിപി ഉടൻ നടപടി സ്വീകരിച്ചിരുന്നു. കൊല്ലം അഞ്ചാലുംമൂട് എംഡിഎംഎ കേസിൽ കൊല്ലത്ത് എന്താണു സംഭവിച്ചതെന്നു പരിശോധിക്കും. ബിഷ്ണോയി ഗ്യാങ്ങുമായി ബന്ധപ്പെട്ട ഗുരുമൂർത്തിയെ പിടികൂടി എൻഐഎയ്ക്കു കൈമാറിയതു കേരള പൊലിസിന്റെ കാര്യക്ഷമതയ്ക്കു തെളിവാണ്.

തൃശൂർ പൂരം കലക്കലുമായി ബന്ധപ്പെട്ട മുൻ ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ ചില പോരായ്മകളും വസ്തുതകൾ വിട്ടുപോയതും ശ്രദ്ധയിൽപ്പെട്ടതിനാലാണു പുനരന്വേഷണത്തിനു നിർദേശം നൽകിയത്. ബോർഡ്-കോർപ്പറേഷൻ നിയമനങ്ങളിൽ വേഗത്തിൽ തീരുമാനമെടുക്കുമെന്നും അതൃപ്തിയുള്ളവരുമായി ചർച്ച ചെയ്ത് സമവായത്തിലൂടെ മുന്നോട്ടുപോകുമെന്നും മന്ത്രി വ്യക്തമാക്കി.

ഒന്നാം സ്ഥാനക്കാർക്ക് 25,000 രൂപ പുരസ്കാരം

ഗവേഷണ പുരസ്കാരത്തിന് അപേക്ഷിക്കാം

തൃശൂർ: ഡിസംബർ 15, 16 തീയതികളിൽ തൃശൂർ വിമല കോളജിൽ നടക്കുന്ന അന്താരാഷ്ട്ര ബഹുവിഷയ ട്രാൻസ്‌ലേഷണൽ ഗവേഷണ സമ്മേളനത്തിന്റെ ഭാഗമായി സുമംഗല തങ്കച്ചി സ്മാരക ട്രാൻസ്‌ലേഷണൽ റിസർച്ച് അവാർഡിന് അപേക്ഷ ക്ഷണിച്ചു. പോസ്റ്റ്ഗ്രാജ്വേറ്റ് വിദ്യാർഥികൾ മുതൽ പിഎച്ച്ഡി പൂർത്തിയാക്കി രണ്ടു വർഷം വരെയുള്ള ഗവേഷകർക്ക് അപേക്ഷിക്കാം. സമൂഹത്തിനു പ്രയോജനകരമായ നൂതന ഗവേഷണങ്ങൾക്കാണു പുരസ്കാരം. ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 25,000, 15,000, 10,000 രൂപ വീതം കാഷ് അവാർഡുകൾ നൽകും.

സമ്മേളനത്തിന്റെ ബ്രോഷർ, വെബ്സൈറ്റ്, ഗവേഷണപുരസ്കാരം എന്നിവയുടെ പ്രകാശനം കാലിക്കട്ട് സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ നിർവഹിച്ചു.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: ഡിസംബർ അഞ്ച്. വെബ്സൈറ്റ്: www.icmtr.aeyidhc.com

ആനക്കര ഗ്രാമപഞ്ചായത്ത് ഭരണം എൽഡിഎഫ് പിടിച്ചെടുത്തു

പാലക്കാട്: ആനക്കര ഗ്രാമപഞ്ചായത്തിന്റെ ഭരണം യുഡിഎഫിൽനിന്ന് എൽഡിഎഫ് പിടിച്ചെടുത്തു. പ്രസിഡന്റായി എൽഡിഎഫിലെ എം.വി. ജസീന തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്-മുസ്ലിംലീഗ് തർക്കത്തെത്തുടർന്നുണ്ടായ രാഷ്ട്രീയ പ്രതിസന്ധിക്കൊടുവിലാണു പഞ്ചായത്തിൽ ഭരണമാറ്റമുണ്ടായത്. കഴിഞ്ഞദിവസം നടക്കേണ്ടിയിരുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പ് യുഡിഎഫ് അംഗങ്ങൾ വിട്ടുനിന്നതിനെത്തുടർന്ന് ക്വാറം തികയാത്തതിനാൽ മാറ്റിവച്ചിരുന്നു. തുടർന്ന് ഇന്നലെ നടന്ന തെരഞ്ഞെടുപ്പിലും മുസ്ലിംലീഗിലെ മൂന്ന് അംഗങ്ങൾ വോട്ടെടുപ്പിൽ നിന്നു വിട്ടുനിന്നു. ബിജെപി അംഗം വോട്ട് രേഖപ്പെടുത്തിയില്ല. ഇതോടെ എൽഡിഎഫ് സ്ഥാനാർഥിയായ എം.വി. ജസീനയ്ക്കു വിജയിക്കാനായി.

താത്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട തർക്കമാണ് പഞ്ചായത്തിലെ ഭരണപ്രതിസന്ധിക്കു തുടക്കമിട്ടത്. രണ്ടുമാസം മുമ്പ് സിപിഎം അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ മുസ്ലിംലീഗിലെ മൂന്ന് അംഗങ്ങൾ പിന്തുണച്ചതോടെ കോൺഗ്രസിലെ പി.എൻ. അംബികയ്ക്കു പ്രസിഡന്റ് സ്ഥാനം നഷ്ടമായിരുന്നു. അംബികയെ വീണ്ടും പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിപ്പിക്കാനുള്ള കോൺഗ്രസ് തീരുമാനത്തോടുള്ള വിയോജിപ്പാണ് ലീഗ് അംഗങ്ങൾ ഇപ്പോൾ തെരഞ്ഞെടുപ്പിൽനിന്നു വിട്ടുനിൽക്കാൻ കാരണമായത്. ഇതോടെ കോൺഗ്രസ്-മുസ്ലിംലീഗ് ബന്ധത്തിലെ ഭിന്നത കൂടുതൽ രൂക്ഷമായി.

17 അംഗങ്ങളുള്ള ആനക്കര ഗ്രാമപഞ്ചായത്തിൽ എൽഡിഎഫിന് ഏഴും കോൺഗ്രസിന് ആറും മുസ്ലിംലീഗിന് മൂന്നും ബിജെപിക്ക് ഒരു അംഗവുമാണുള്ളത്. ലീഗ് അംഗങ്ങൾ വോട്ടുചെയ്യാതെ വിട്ടുനിന്നതോടെ എൽഡിഎഫ് ഏഴു വോട്ടുമായി മുന്നിലെത്തി. കോൺഗ്രസിന് ആറു വോട്ടുകളെ ലഭിച്ചുള്ളൂ.

സൈബർ തട്ടിപ്പുകേസിൽ പ്രതി റിമാൻഡിൽ

തൃശൂർ: സൈബർ തട്ടിപ്പിലൂടെ പണം തട്ടിയെടുത്ത കേസിലെ പ്രതിയായ കണിമംഗലം പുലരി ലെയ്ൻ സ്വദേശി കോലഴി വീട്ടിൽ കെ.എ. അഭിജിത്ത്(28) റിമാൻഡിൽ. നേരത്തെ പിടികൂടിയ പ്രതിക്കു കോടതി ഇടക്കാല ജാമ്യം നൽകിയിരുന്നെങ്കിലും കഴിഞ്ഞദിവസം കോടതിയിൽ ഹാജരായപ്പോൾ



കെ.എ. അഭിജിത്ത്

പൊലിസ് റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്നാണു റിമാൻഡ് ചെയ്തത്.

51,000 രൂപയോളം പ്രതി സ്വന്തം അക്കൗണ്ടിലൂടെ തട്ടിപ്പു നടത്തിയതായി പൊലിസ് കണ്ടെത്തിയിട്ടുണ്ട്. വിശദമായ അന്വേഷണത്തിൽ 7,34,76,813 രൂപയോളം രൂപ പ്രതിയുടെ അക്കൗണ്ടിൽ ട്രാൻസാക്ഷൻ നടന്നതായും കണ്ടെത്തി. പ്രതിക്കെതിരേ ബംഗളൂരുവിലും മലപ്പുറം ജില്ലയിലെ അരീക്കോട് പൊലിസ് സ്റ്റേഷനിലും സമാനമായ കേസുകളുണ്ട്. നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ പ്രതിക്കെതിരേ 27 പരാതികളുണ്ടെന്നും പൊലിസ് അന്വേഷണത്തിൽ വ്യക്തമായി.

സുനിൽ പുണർക്കയ്ക്ക് ഹംദാൻ ഫോട്ടോഗ്രഫി മെറിറ്റ് മെഡൽ

കോടാലി: ലോകത്തിലെ ഏറ്റവും വലിയ ഫോട്ടോഗ്രഫി മത്സരങ്ങളിലൊന്നായ ദുബായ് ഹംദാൻ ഫോട്ടോഗ്രഫി പുരസ്കാരത്തിന്റെ പതിനഞ്ചാം സീസണിൽ മലയാളിയായ സുനിൽ പുണർക്ക മെറിറ്റ് മെഡലിന് അർഹനായി. മത്സരത്തിന്റെ ഫൈനൽ റൗണ്ടിൽ എത്തുന്നവർക്കു നൽകിവരുന്ന പുരസ്കാരമാണ് മെറിറ്റ് മെഡൽ.



സുനിൽ പുണർക്ക

വിവിധ രാജ്യങ്ങളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 20 പേരാണ് ഇത്തവണ മെറിറ്റ് മെഡലിന് അർഹരായത്. മെറിറ്റ് മെഡലിന് അർഹനായ നാല് ഇന്ത്യക്കാരിൽ ഉൾപ്പെട്ട ഏക മലയാളിയാണ് മറ്റത്തൂർ കിഴക്കേ കോടാലി സ്വദേശിയായ സുനിൽ.

ദുബായ് കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയും പ്രതിരോധമന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ നേതൃത്വത്തിൽ 2011ൽ ആരംഭിച്ചതാണ് ഹംദാൻ ഇന്റർനാഷണൽ ഫോട്ടോഗ്രാഫി അവാർഡ്. ഇത്തവണ ഫാമിലി എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു മത്സരം.

സിഐഐ മെഡിക്കൽ ടൂറിസം-ആയുർവേദ ഉച്ചകോടി കൊച്ചിയിൽ

കൊച്ചി: കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സിഐഐ) ആഭിമുഖ്യത്തിൽ കേരള ഹെൽത്ത് ടൂറിസം-ഗ്ലോബൽ ആയുർവേദ സമ്മിറ്റും എക്സ്പോയും 20, 21 തീയതികളിൽ കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ നടക്കും. പത്തു രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

കേന്ദ്രമന്ത്രി പ്രതാപ്റാവ് ജാദവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് പ്രസംഗിക്കും. ടൂറിസം, ആരോഗ്യ വകുപ്പുകൾ, നാഷണൽ ആയുഷ് മിഷൻ, കെഎസ്ഐഡിസി തുടങ്ങിയവയുടെ പിന്തുണയോടെയാണു പരിപാടി സംഘടിപ്പിക്കുന്നത്.

ഉച്ചകോടിയിൽ 800 പ്രതിനിധികളും 50 എക്സിബിറ്റർമാരും 70 പ്രഭാഷകരും 2,000 സന്ദർശകരും പങ്കെടുക്കുമെന്ന് സിഐഐ കേരള വൈസ് ചെയർമാൻ സന്തോഷ് കുമാർ പത്ര സമ്മേളനത്തിൽ അറിയിച്ചു.

യുകെ, യുഎസ്, ജർമനി, ഒമാൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽനിന്നായി 2025ൽ എട്ടു ലക്ഷത്തിലധികം വിദേശികൾ കേരളം സന്ദർശിച്ചിട്ടുണ്ടെന്നും ഇതിൽ 70 ശതമാനം പേരും ആയുർവേദ ചികിത്സയ്ക്കായി എത്തിയവരാണെന്നും ഉച്ചകോടി ചെയർമാൻ ഡോ. എസ്. സജി കുമാർ പറഞ്ഞു.



ധനലക്ഷ്മി ബാങ്ക് ശബരിമല സന്നിധാനം ബ്രാഞ്ചിന്റെ പ്രവർത്തനോദ്ഘാടനം ആരോഗ്യ-ദേവസ്വംമന്ത്രി കെ. മുരളീധരൻ നിർവഹിക്കുന്നു. തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡന്റ് കെ. ജയകുമാർ, ധനലക്ഷ്മി ബാങ്ക് ഡയറക്ടർ കലഞ്ഞൂർ മധു, എംഡി ആൻഡ് സിഇഒ കെ.കെ. അജിത് കുമാർ, ദേവസ്വം ബോർഡ് കമ്മിഷണർ സുനിൽകുമാർ, തിരുവനന്തപുരം റീജണൽ മാനേജർ വി.വി. ശ്രീകാന്ത്, എറണാകുളം റീജണൽ മാനേജർ അരുൺ സോമനാഥൻ നായർ എന്നിവർ പങ്കെടുത്തു.

മാതാ
സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7356036003
ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വ്യത്തിയാക്കുന്നു.
T2611-607416

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9846237864
T2611-607172

നഷ്ടപ്പെട്ടു

ജോസ്, പന്തല്ലൂക്കാരൻ എന്നവർക്ക് അവകാശപ്പെട്ട ചിയ്യാരം വില്ലേജിൽ സർവ്വെ 264/2/25 ൽ 1 ആർ 62 ച മീറ്റർ വഹകളുടെ കീഴാധാരമായ തൃശ്ശൂർ സബ്ബ് റജിസ്ട്രേ 2002ൽ 4644-ാം നമ്പർ ഒറിജിനൽ ആധാരം കൈമോശം വന്ന് പോയി ഇതിന്റെ ഒറിജിനൽ ആധാരം ആർക്കെങ്കിലും കിട്ടിയിട്ടുണ്ടെങ്കിലും പ്രസ്തുത വഹകളിന്മേൽ അവകാശതർക്കങ്ങളോ ക്രയവിക്രയങ്ങൾ ചെയ്യുന്നതിൽ എനിർഥം മറ്റാരും ഉണ്ടെങ്കിൽ ഇന്നു മുതൽ 15 ദിവസത്തിനുള്ളിൽ താഴെ പറയുന്ന മേൽ വിലാസത്തിലോ ഫോൺ നമ്പരിലോ അറിയിക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.
എന്ന്, ജോസ്,
പന്തല്ലൂക്കാരൻ വീട്
(പി. ഒ കുരിയച്ചിറ 680 006),
തൃശ്ശൂർ Phone: 9447919850
T2611-608020

അറിയിപ്പ്

ഫോം നമ്പർ ഐ. എൻ. സി. 25 എ
റീജനൽ ഡയറക്ടർ മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സ്
സൗത്ത് വെസ്റ്റേൺ റീജിയൻ മുമ്പാകെ

കമ്പനീസ് ആക്ട് 2013 ന്റെ കീഴിൽ കമ്പനീസ് ആക്ട് 2013, സെക്ഷൻ, 14 കമ്പനീസ് (ഇൻകോർപ്പറേഷൻ) റൂൾസ് 2014 ലെ റൂൾ 41 സംഗതിവശാലും ഡോർ നമ്പർ 265 ബി 4, അവണൂർ റോഡ് മുണ്ടൂർ പിഒ, തൃശ്ശൂർ കേരള ഇന്ത്യ 680541 എന്ന വിലാസത്തിൽ രജിസ്ട്രേഡ് ഓഫീസോടു കൂടി പ്രവർത്തിക്കുന്ന സൂപ്പർ ബ്രൈറ്റ് ലോണ്ടറി ആൻഡ് ഡ്രൈ ക്ലീനേഴ്സ് ഇന്ത്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 14/11/2026 ൽ ചേർന്ന എക്സ്ട്രാ ഓർഡിനറി പൊതുയോഗത്തിൽ പ്രത്യേക പ്രമേയം അവതരണമായി കൊണ്ടുവന്ന് അംഗീകാരം നേടിയതിൻ പ്രകാരം കമ്പനീസ് ആക്ട് 2013 ലെ സെക്ഷൻ 14 അനുസരിച്ച് സ്ഥാപനം ഒരു പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപനമായി മാറ്റുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന് മുന്നിൽ ഒരു അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നതായി എല്ലാ പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

ഇപ്രകാരം ഉദ്ദേശിക്കുന്ന രീതിയിൽ കമ്പനിക്ക് വരുന്നതായ മാറ്റം/പരിവർത്തനം ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും രീതിയിൽ ബാധിക്കുന്ന പക്ഷമോ/ബാധിക്കാൻ ഇടയുള്ളതായി വരുന്ന പക്ഷമോ അത്തരം വ്യക്തി എതിർപ്പിന്റെ കാര്യകാരണ സഹിതം ഒരു സത്യവാങ്മൂലത്തിന്റെ പിന്തുണയോടെ ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച് 14 ദിവസങ്ങൾക്കം നേരിട്ടോ, രജിസ്ട്രേഡ് തപാൽ മുഖേനയോ, റീജണൽ ഡയറക്ടർ, മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സ്, റീജിയണൽ ഡയറക്ടർ സൗത്ത് വെസ്റ്റേൺ റീജിയൻ, E വിംഗ്, രണ്ടാം നില കേന്ദ്രീയ സാദൻ, കോരമംഗല ബാംഗ്ലൂർ കർണാടക 560034 എന്ന വിലാസത്തിലും ആയതിന്റെ ഒരു കോപ്പി അപേക്ഷകന്റെ കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിന്റെ താഴെ കാണുന്ന വിലാസത്തിലും സമർപ്പിക്കേണ്ടതാണ്.

ആന്റണി കുനൻ ജേക്കബ്ബ്
മാനേജിംഗ് ഡയറക്ടർ-06510640
അഡ്രസ്: ഡോർ നമ്പർ 265 ബി 4,
അവണൂർ റോഡ് മുണ്ടൂർ പിഒ,
തൃശൂർ കേരള ഇന്ത്യ 680541
T2611-608116

ദീപിക ക്ലാസിഫൈഡ്സ്

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
ഇടനിലക്കാരില്ലാതെ കുറഞ്ഞ ചിലവിൽ പെർമിറ്റ് ഉള്ള ടാങ്കറിൽ കൊണ്ടുപോകും. തൃശൂർ ജില്ലയിൽ എവിടേയും. ബ്ലോക്ക്, പ്ലംമ്പിംഗ് എല്ലാത്തരം മെയിന്റൻസ് വർക്കും ചെയ്യുന്നു.
Ph: 9539108888,9539118888
T2611-607553

CHANGE OF NAME
I, Bindu Rajesh, resident at Archana, Nedungottur, Shoranur P.O., Palakkad Dt., Kerala 679121,holder of passport number H4335775 do hereby change my name as Bindu Maheswary Gopalakrishnan.
T2611-608074

നഷ്ടപ്പെട്ടു

എന്റെ മാതാവ് തങ്ക എന്നവർക്ക് കല്ലേറ്റുംകര SRO 3426/2015ാം നമ്പർ ഭാഗാധാരത്തിൽ 'C' പട്ടികയായി സിദ്ധിച്ച 50.463ൽ 3.88 ആർസും Sy: 463ൽ 2.83 ആർസും വഹകളുടെ മുൻപിലത്തെ OA 566/1970 കൊടകര ലാന്റ് ട്രൈബ്യൂണലിൽ നിന്നുള്ള ക്രയസർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു.

ആയത് തിരികെകിട്ടുന്നവർ താഴെ വിലാസത്തിൽ ഏല്പിക്കുവാൻ താത്പര്യപ്പെടുന്നു.

എന്ന്, **വള്ളിക്കുട്ടി,** പള്ളിപ്പാടൻ വീട്, കനകമല.
T2611-608125

നഷ്ടപ്പെട്ടു

അട്ടപ്പാടി ട്രൈബൽ താലൂക്ക് ഷോളയൂർ വില്ലേജ് കുറവമ്പാടിയിൽ താമസം ചിറ്റൂർ പി ഒ പുതുവേലിൽ കുമാരൻ മകൻ സനീഷ്കുമാർ പി എന്ന ഞാനും പഴേരിയിൽ ഹസ്സൻ മകൻ ഷറഫുദ്ധീനും കൂടി അഗളി സ.ഠ. ആഫീസിൽ 2019 ൽ 426/2019-ാംനമ്പായി എഴുതി റജിസ്താക്കിച്ചു വെച്ച വസ്തു വിൽപ്പന കരാറിന്റെ ഒറിജിനൽ ആധാരം എന്റെ പക്കൽ നിന്നും നഷ്ടപ്പെട്ടു പോയിട്ടുള്ളതും എന്നാൽ ടി എഗ്രിമെന്റ് ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഉപയോഗിച്ച് ടി എഗ്രിമെന്റ് റദ്ദ് ചെയ്ത് ടി വഹകളെ ഞാൻ തീരുവിൽക്കുവാൻ തിരുമാനിച്ചിരിക്കയാൽ ആയത് ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ആയത് ഇന്നു മുതൽ 10 ദിവസത്തിനുള്ളിൽ ഷോളയൂർ വില്ലേജ് ആഫിസിലൊ അഗളി സ.ഠ. ആഫീസിലൊ ഷോളയൂർ ഗ്രാമപഞ്ചായത്തിലൊ താഴെ കാണുന്ന വിലാസത്തിലൊ വിവരം അറിയിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി വഹകളെ ഞാൻ തീരുവിൽക്കുന്നതാണ് എന്ന് അറിയിക്കുന്നു.

എന്ന്, **സനീഷ്കുമാർ,**
S/o. കുമാരൻ പുതുവേലിൽ,
കുറവമ്പാടി, ചിറ്റൂർ പിഒ
Mob: 8086961453.
T2611-608132

നഷ്ടപ്പെട്ടു

ചേർപ്പ് സബ്ബ് റജിസ്ട്രേ - 1994ലെ 41-ാം നമ്പ്ര ആധാരപ്രകാരം ഞങ്ങളുടെ സ്ഥാപനത്തിന് അവകാശപ്പെട്ട വല്ലച്ചിറ വില്ലേജിൽ സർവ്വെ നമ്പർ: 331/7ൽ പെട്ട 38.85 ആർ വിസ്തീർണ്ണമുള്ള വഹകളുടെ അസ്സൽ ആധാരവും, ഈ വഹകളുടെ കീഴ് രേഖകളിൽപ്പെട്ട ചേർപ്പ് സബ്ബ് റജിസ്ട്രേ 1838/1987 നമ്പ്ര അസ്സൽ ആധാരവും കൈമോശം വന്ന് പോയിട്ടുള്ളതാകുന്നു. ടി ആധാരങ്ങൾ സംബന്ധമായി ആർക്കെങ്കിലും തർക്കങ്ങളോ ആക്ഷേപങ്ങളോ, തേർച്ചകളോ ഉണ്ടെങ്കിൽ ഈ പരസ്യ തിയതി മുതൽ 7 (ഏഴ്) ദിവസത്തിനുള്ളിൽ ഞങ്ങളെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽ നമ്പ്ര ആധാരങ്ങൾ തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതായി പരിഗണിച്ച് ആയതിന്റെ സർട്ടിഫൈഡ് കോപ്പികൾ ഉപയോഗിച്ച് ടി വസ്തുവഹകൾ ക്രയ വിക്രയം ചെയ്യുന്നതാകുന്നു.

എന്ന്, 2026 നവംബർ മാസം 18-ാം തിയതി, ക്ലേക്രാഫ്റ്റ്, ആർ.എസ്. റോഡ്, പാഴയി പി.ഒ, തൃശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ഇപ്പോഴത്തെ മാനേജിങ് പാർട്ടണർ **സി.എൻ. ആനന്ദകുമാർ.**
T2611-608117

ഹോളി മൗണ്ട് കാർമ്മൽ കോളേജ് ഓഫ് നഴ്സിംഗ്
BC ROAD- മംഗലാപുരം
ADMISSION OPEN
B.Sc. NURSING
Approved by Nursing Council & Rajiv Gandhi University
സ്കോളർഷിപ്പിൽ പഠിക്കാം
കൂടുതൽ വിവരങ്ങൾക്ക്
PRINCIPAL
8197202255
Z2611-607860

PULSATOR
15-ാം വാർഷിക ഓഫർ പള്ളിമണി അടിക്കാൻ ആള് വേണ്ട

15 വർഷം മുൻപ് MADONNA ELECTRONICS വികസിപ്പിച്ചെടുത്ത PULSATOR ഇത് സാധ്യമാക്കി. ഇന്ന് ഇന്ത്യയിലും വിദേശത്തുമായി 2000 ത്തിലധികം മണികൾ പൾസേറ്ററിലൂടെ സ്വയം മുഴങ്ങുന്നു.

PULSATOR + CHANT CONNECT: നിലവിലുള്ള പള്ളിമണികൾ നിശ്ചിത സമയങ്ങളിലും രീതികളിലും സ്വയമേ മുഴക്കാം.

ഒപ്പം സെറ്റ് ചെയ്ത് ഭക്തിഗാനങ്ങളും പ്രാർത്ഥനകളും പ്രക്ഷേപണം ചെയ്യാം. ഇവയെല്ലാം മൊബൈൽ ആപ്പിലൂടെയും നിയന്ത്രിക്കാം.

15-ാം വാർഷിക സ്പെഷ്യൽ ഓഫറായി PULSATOR + CHANT CONNECT വാങ്ങുന്നവർക്ക് ഇൻസ്റ്റലേഷനും രണ്ടു വർഷത്തെ വാറന്റിയും ഉൾപ്പെടെ 3,000/- വിലയുള്ള 5 ച്ചലസ് വിശുദ്ധജല ഡിസ്പെൻസറും, 3,000/- വിലയുള്ള ധൂപകർണ - മിനി ഹീറ്റർ സെറ്റും സൗജന്യം.

നിങ്ങളുടെ പള്ളിയിലും ഈ ആധുനിക മണിമുഴക്ക സംവിധാനം ഒരുക്കൂ. ഓർഡറുകൾക്കും കൂടുതൽ വിവരങ്ങൾക്കും:

MADONNA ELECTRONICS
CHITTOOR, KOCHI
9895399881
felixmadonna@gmail.com
E2611-607687

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്- താൽപര്യ പത്രം

ചീഫ് എൻജിനീയർ കാര്യാലയം, (ട്രാൻസ്മിഷൻ സിസ്റ്റം ഓപ്പറേഷൻ), കളമശ്ശേരി, എറണാകുളം
ഇ - ടെൻഡർ ID: 2026_KSEB_886970_1 അടങ്കൽ തുക: 51,35,440/- രൂപ അവസാന തീയതി : 24.11.2026 03 .00 pm

എക്സിക്യൂട്ടീവ് എൻജിനീയർ കാര്യാലയം, ട്രാൻസ്മിഷൻ ഡിവിഷൻ, തിരൂർ, മലപ്പുറം
ഇ - ടെൻഡർ ID: 2026_KSEB_889322 അടങ്കൽ തുക: 38,79,818/- രൂപ അവസാന തീയതി:01.12.2026 04.00 pm

ഡെപ്യൂട്ടി ചീഫ് എൻജിനീയർ കാര്യാലയം, ജനറേഷൻ സർക്കിൾ, മൂലമറ്റം, ഇടുക്കി
ഇ - ടെൻഡർ ID: 2026_KSEB_889289_1 അടങ്കൽ തുക: 33,99,630/- രൂപ അവസാന തീയതി : 10.12.2026 04 .00 pm ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.in വിശദ വിവരങ്ങൾക്ക് www.kseb.in PR/MC1/C-552/ E-tender/26-27
R2611-608088

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 38/2026-27/EE/PHDN/MVPA, സംസ്ഥാന പ്ലാൻ- ഇലഞ്ഞി കുടിവെള്ളപദ്ധതി (RWSS), ഇലഞ്ഞി പി.എച്ച് സെക്ഷന് കീഴിലുള്ള കളനിമറ്റം പമ്പ് ഹൗസിൽ നിന്നും എഴുകുമല ജലസംഭരണിയിലേക്ക് (GLSR) പമ്പ് ചെയ്യുന്നതിനായി പുതിയ സബ്മേഴ്സബിൾ പമ്പ് സെറ്റ് വിതരണം ചെയ്യൽ, സ്ഥാപിക്കൽ. നിരതദ്രവ്യം: : Rs. 7246/- ടെണ്ടർ ഫീസ്: Rs. 640. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 26-11-2026 03:00:pm, ഫോൺ : : 0485-2832350. വെബ് സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in

(ഒപ്പ്) എക്സിക്യൂട്ടീവ് എഞ്ചിനീയർ
PH ഡിവിഷൻ, മുവാറ്റുപുഴ
KWA-JB-GL-6-441-2026-27
R2611-608089

നോട്ടീസ്

1994 വർഷത്തെ 217187 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ള വർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

മിനി.കെ
ചിറായിപ്പള്ളിയാലിൽ ഹൗസ്,
കല്ലടിക്കോട് പി.ഒ., പാലക്കാട്
Pin 678596, Ph: 9048